**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6502 — 08.11.2016 ൽ മറുപടിക്ക്

## ആരോഗ്യ വകുപ്പിലെ മാനവശേഷി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഷാഫി പറമ്പിൽ<br>,, കെ.എസ്.ശബരീനാഥൻ<br>,, അടൂർ പ്രകാശ്<br>,, വി.പി.സജീന്ദ്രൻ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | ആരോഗ്യ വകുപ്പിലെ മാനവശേഷി അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ജില്ലാതല/താലൂക്ക്തല, ബ്ലോക്ക്തല ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലുമുണ്ടായിരിക്കേണ്ട സ്റ്റാഫിനെ സംബന്ധിച്ച ഒരു സ്റ്റാന്റർഡൈസേഷൻ പ്രൊപ്പസൽ തയ്യാറിക്കിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മാനവശേഷി അവലോകനം നടത്തിയിട്ടില്ല. ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി വർക്ക് സ്റ്റഡി നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫിന്റെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | പരിഗണനയിലില്ല. |
| (സി) | പദവി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | (സി) | ആരോഗ്യ വകുപ്പിൽ പദവി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനനുബന്ധമായി സ്റ്റാന്റഡൈസേഷൻ പ്രൊപ്പോസലും അതിനോടനുബന്ധിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസലും സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പദവി ഉയർത്തി മെഡിക്കൽ കോളേജുകളാക്കി മാറ്റിയ ആശുപത്രികളിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ മാനദണ്ഡമനുസരിച്ച് ഘട്ടം ഘട്ടമായിട്ടാണ് അധിക തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ